പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5852    04.11.2016 – ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിൽ നടന്ന അഴിമതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | : | ശ്രീ. ജി. സുധാകരൻ |
| ശ്രീ. പി. ഉണ്ണി | : | (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| ശ്രീ. പുരുഷൻ കടലുണ്ടി | : | |
| ശ്രീ. സി.കെ. ഹരീന്ദ്രൻ | : | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ വ്യാപകമായ അഴിമതി നടന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; | (എ) | ഉണ്ട്. ഇവ സംബന്ധിച്ചുള്ള പരിശോധനകളും നടപടികളും വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷിച്ചതിൽ 280 - ഓളം കേസുകളിൽ 120 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മിന്നൽ പരിശോധനകൾ - 86<br>വിജിലൻസ് അന്വേഷണങ്ങൾ - 8<br>സത്വരാന്വേഷണങ്ങൾ - 35<br>വിജിലൻസ് കേസുകൾ - 4 |

നിലവിൽ 35 വിജിലൻസ് കേസുകൾ, 4 വിജിലൻസ് അന്വേഷണങ്ങൾ, 16 സത്വരാന്വേഷണങ്ങൾ, 17 മിന്നൽ പരിശോധനകൾ എന്നിവ നടന്നു വരുന്നു.

(ബി) കെ. എസ്. ടി.പി പ്രോജക്ടിൽ നടന്ന അഴിമതികളെക്കുറിച്ച് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കുമോ ;

(ബി) കെ. എസ്. ടി. പി പ്രോജക്ടിൽ നടന്ന അഴിമതികളെക്കുറിച്ച് നടത്തിയ പരിശോധനയിൽ പ്രധാനമായും ഡി. പി. ആർ തയ്യാറാക്കിയതിലുള്ള വീഴ്ചകളാണ് കണ്ടെത്തിയത്. കൂടാതെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

(1) എസ്. സി. 95/13/മലപ്പുറം - കെ. എസ്. ടി. പി ഡിവിഷൻ കുറ്റിപ്പുറം മലപ്പുറത്ത് നടത്തിയ മിന്നൽ പരിശോധനയിൽ അനുവദിച്ചതിൽ കൂടുതൽ മരങ്ങൾ മുറിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(2) എസ്. സി. 13/14/മലപ്പുറം -

റോഡിന്റെ വീതി ബില്ലിൽ കൂട്ടി കാണിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(3) ക്യു. വി.15/14/എസ്. ഐ.യു - 1 -

അട്ടക്കുളങ്ങര – തിരുവല്ലം - പൂജപ്പുര – തിരുമല – വലിയവിള – പേയാട് എന്നീ റോഡ് പണിയിലെ ക്രമക്കേടുകൾ അന്വേഷണം നടന്നു വരുന്നു.

പൊതുമരാമത്ത് വകുപ്പ് (എൻ. എച്ച്) ടെൻഡർ നടപടികളിലെ ക്രമക്കേടുകളെ സംബന്ധിച്ച് M/s കുടറോളി കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി സമർപ്പിച്ച പരാതിയിൽ ത്വരിതാന്വേഷണം നടത്തി പരാതിക്ക് വിജിലൻസ് ആംഗിൾ ഇല്ലാത്തതിനാൽ തുടർ നടപടി അവസാനിപ്പിച്ചു.

| | |
|---|---|
| (സി) പ്രസ്തുത വകുപ്പിൽ വ്യാപകമായി ഉണ്ടായിരുന്ന അഴിമതി നിർമ്മാർജ്ജനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ? | (സി) പ്രസ്തുത വകുപ്പിൽ അഴിമതി നിർമ്മാർജ്ജനത്തിനായി മിന്നൽ പരിശോധനകൾ നടത്തുകയും വിവിധ അന്വേഷണങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് ഇന്റലിജൻസിന്റെ നിരീക്ഷണം ഏർപ്പെടുത്തി അഴിമതി തടയുന്നതിനുള്ള പ്രവർത്തനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ